## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1557 06.03.2017 ലെ മറുപടിയ്ക്ക്

### പി.എഫ്. കുടിശ്ശിക നൽകാൻ നടപടി

**ചോദ്യം**
ഡോ.എം. കെ.മുനീർ

**ഉത്തരം**
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | നഗരകാര്യവകുപ്പിൽ കോഴിക്കോട് കോർപ്പറേഷൻ അക്കൗണ്ട്സ് ഓഫീസറായി വിരമിച്ച ശ്രീ.ജെ.ഷെരീഫിന്റെ പ്രോവിഡന്റ് ഫണ്ട് 2012 ൽ അവസാനിപ്പിച്ചിട്ടും പി.എഫ് തുക ഇനത്തിൽ നൽകേണ്ടതായ ബാക്കി തുക ഇതുവരെ നൽകാത്തതിന്റെ കാരണമെന്താണ്; | (എ) | ശ്രീ.ജെ. ഷെരീഫിന്റെ സി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് തുക അനുവദിച്ചു നൽകിയപ്പോൾ കുടിശ്ശിക ഡി.എ/പി.ആർ.എ തുടങ്ങിയവ ഉൾപ്പെടാത്ത തുക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ നഗരകാര്യ ഡയറക്ടറേറ്റിൽ പരാതി സമർപ്പിച്ചിരുന്നു. ടിയാന്റെ പ്രസ്തുത പരാതിയിന്മേൽ നടപടി സ്വീകരിച്ച് ബന്ധപ്പെട്ട നഗരസഭകളിൽ നിന്നും വിശദമായി കണക്കുകൾ ശേഖരിച്ചത് പ്രകാരം ടിയാന് നൽകാൻ ശേഷിക്കുന്ന തുക അനുവദിച്ച് 01.12.2015 ലെ പി.എഫ്.7/1939/11 നം പ്രകാരം ഉത്തരവായിട്ടുണ്ടെങ്കിലും ടി ഉത്തരവ് പ്രകാരമുള്ള തുക ടിയാന് കോഴിക്കോട് നഗരസഭയിൽ നിന്നും നല്കിയിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി തുകയും, തുടർന്ന് ലഭ്യമായ സ്റ്റേറ്റ്മെന്റുകളുടെയും അടിസ്ഥാന ത്തിൽ ടിയാന് ലഭിക്കേണ്ട മുഴുവൻ തുകയും, അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | ടി തുക സംബന്ധിച്ച് കണക്കുകൾ പരിശോധിച്ചു വരികയാണെന്നും കുടിശ്ശിക കണക്കാക്കി ഉടനെ | (ബി) | ശ്രീ.ജെ.ഷെരീഫ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ 361/14 നമ്പർ കേസിൽ 04.03.2016 ൽ പുറപ്പെടുവിച്ച |

| | | | |
|---|---|---|---|
| | നൽകാമെന്ന് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ബോധിപ്പിച്ചിട്ടും നാളിതുവരെ ടി നടപടി വൈകിപ്പിച്ചതിന്റെ ഉത്തരവാദിത്വം ആർക്കാണ്; | | വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ സി.പി.എഫ് അക്കൗണ്ട് പുന:പരിശോധിച്ച് അർഹതപ്പെട്ട തുകയായ 42971/- രൂപ 20.06.2016 ൽ നൽകിക്കൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ, ടിയാന്റെ ഡി.സി.ആർ.ജി തുകയിൽ നിന്നും തടഞ്ഞു വച്ച തുക അനുവദിക്കുന്നതിനും പി.എഫ് ൽ നിന്നും ഇനിയും തുക അനുവദിക്കാനുണ്ടെന്നും കാണിച്ച് ഒ.എ (ഇകെഎം) 281/17 നം പ്രകാരം കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കോടതിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് ഫയൽ ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രോവിഡന്റ് ഫണ്ട് തുക നൽകാൻ വൈകുന്നത് വഴി പലിശ ഇനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ